# കായണ്ണ
# ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ 2026

**2025 –2030 വാർഷിക കാലയളവിലെ**
**ഭരണ സമിതി പ്രസിദ്ധീകരിക്കുന്ന**
**ഒന്നാമത്തെ പൗരാവകാശ രേഖ**
**തിയ്യതി 01/01/2026**

അനുബന്ധം 1

# THE CONSTITUTION OF INDIA

## Chapter IV A

## FUNDAMENTAL DUTIES

### ARTICLE 51A

**Fundamental Duties -** It shall be the duty of every citizen of India

(a) to abide by the Constitution and respect its ideals and institutions, the National Flag and the National Anthem.

(b) to cherish and follow the noble ideals which inspired our national struggle for freedom;

(c) to uphold and protect the sovereignty, unity and integrity of India;

(d) to defend the country and render national service when called upon to do so;

(e) to promote harmony and the spirit of common brotherhood amongst all thepeople of India transcending religious, linguistic and regional or sectional diver sities; to renounce practices derogatory to the dignity of women;

(f) to value and preserve the rich heritage of our composite culture;

(g) to protect and improve the natural environment including forests, lakes, wild life and to have compassion for living creatures;

(h) to develop the scientific temper, humanism and the spirit of inquiry and reform;

(i) to safeguard public property and to abjure violence;

(j) to strive towards excellence in all spheres of individual and collective activity so that the nation constantly rises to higher levels of endeavour and achievement.

# കായണ്ണ ഗ്രാമപഞ്ചായത്ത്

## പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : കായണ്ണ ഗ്രാമപഞ്ചായത്ത് |
| രൂപീകരിക്കപ്പെട്ട വർഷം | : 1969 |
| ഉൾപ്പെടുന്ന വില്ലേജ് | : കായണ്ണ, കൂരാച്ചുണ്ട് |
| ബ്ലോക്ക് പഞ്ചായത്ത് | : പേരാമ്പ്ര |
| അസംബ്ലി നിയോജകമണ്ഡലം | : ബാലുശ്ശേരി |
| താലൂക്ക് | : കൊയിലാണ്ടി |
| ജില്ലാ പഞ്ചായത്ത് | : കോഴിക്കോട് |
| റവന്യൂ ജില്ല | : കോഴിക്കോട് |
| പാർലമെന്റ് നിയോജകമണ്ഡലം | : കോഴിക്കോട് |
| വിസ്തൃതി | : 16.83 ച.കി.മി |
| ടെലിഫോൺ | : (0496) 2659021 |
| ഇ.മെയിൽ | : |
| പോസ്റ്റ് ഓഫീസ് | : കായണ്ണ ബസാർ |
| പിൻകോഡ് | : 673525 |
| ജനസംഖ്യ | : 13755 (2011 ലെ സെൻസസ് പ്രകാരം) |
| പുരുഷന്മാർ | : 6665 |
| സ്ത്രീകൾ | : 7090 |
| പട്ടികജാതി | : 1390 (പുരുഷന്മാർ 687, സ്ത്രീകൾ 703) |
| വാർഡുകളുടെ എണ്ണം | : 14 |
| അതിർത്തി ഗ്രാമപഞ്ചായത്തുകൾ | : കൂരാച്ചുണ്ട്, പേരാമ്പ്ര, നൊച്ചാട്, കോട്ടൂർ, കൂത്താളി, ചക്കിട്ടപ്പാറ |

# ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ട് വിഭാവനം ചെയ്തിട്ടുള്ള പൗരാവകാശരേഖ കായണ്ണ ഗ്രാമപഞ്ചായത്ത് സന്തോഷത്തോടെ പ്രസിദ്ധീകരിക്കുകയാണ്. അതനുസരിച്ച് ഓരോ പഞ്ചായത്തും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. കായണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ നിയമാനുസൃതവും സുതാര്യവുമാണ്. കായണ്ണ ഗ്രാമപഞ്ചായത്ത് വിവിധ സർട്ടിഫിക്കറ്റുകൾ, മറ്റു സേവനങ്ങൾ എന്നിവ കൃത്യനിഷ്ഠയിലും സുതാര്യതയോടും നടത്തി നല്കിവരുന്നുണ്ട് എന്നത് വളരെ അഭിമാനകരമായ കാര്യമാണ്.

ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സർക്കാർകളാക്കി മാറ്റുന്നതിന് കേരളത്തിൽ നടപ്പാ ക്കിയ പ്രവർത്തനങ്ങൾ രാജ്യത്തിനാകെ മാതൃകയാണ്. പദ്ധതി ആസൂത്രണ നിർവഹണ ചുമതലകളോടൊപ്പം സർക്കാർ വകുപ്പുകൾ കൈകാര്യം ചെയ്തു വന്നിരുന്ന സാമൂഹിക സുരക്ഷാ പദ്ധതികളടക്കമുള്ള വിവിധ പ്രത്യക്ഷ സേവന ഉത്തരവാദിത്വങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ കൈമാറിയിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വികസന പരിപാടികളുമായി ബന്ധപ്പെട്ട സേവന ഉത്തരവാദിത്വങ്ങളും പഞ്ചായത്തുകൾ നിർവഹിക്കേണ്ടതുണ്ട്.

കായണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്തിന് കൈമാറി ക്കിട്ടിയ വിവിധ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾ പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ ഉദ്യമം വിജയിപ്പിക്കുകയും നമ്മുടെ പ്രദേശത്തെ ജനങ്ങൾക്കുള്ള സാമ്പത്തിക നഷ്ടവും സമയ നഷ്ടവും ഇല്ലാതാക്കാനും ജനങ്ങൾക്ക് വേണ്ട രീതിയിൽ സേവനം ലഭ്യമാക്കാനും ജനോപകാരപ്രദമായ ഈ രേഖ ഉപയോഗിക്കാനും പഞ്ചായത്ത് ഭരണത്തിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്ത് തരാനും ഭരണ സമിതിക്ക് വേണ്ടി അഭ്യർത്ഥിച്ച് കൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം,

ഇ.സി.സന്തോഷ്
പ്രസിഡന്റ്
കായണ്ണ ഗ്രാമപഞ്ചായത്ത്

# കായണ്ണ ഗ്രാമപഞ്ചായത്ത്

## പൗരാവകാശ രേഖ 2026

ഭരണഘടന 73-ാം വകുപ്പ് ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ 94-ലെ പഞ്ചായത്ത് രാജ് ആക്ടും അതേ തുടർന്ന് ത്രിതല പഞ്ചായത്ത് സംവിധാനവും നിലവിൽ വന്നു. അതേ തുടർന്ന് പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ഗ്രാമസഭകൾ ജനാധിപത്യ ത്തിന്റെ അടിസ്ഥാന ശിലകളായി മാറുകയും ചെയ്തു. ഒരു വാർഡിന്റെ മുഴുവൻ വോട്ടർമാരു ടെയും പൊതുസഭയാണ് ഗ്രാമസഭ. ഗ്രാമസഭകൾ മുഖേന ഒരോ പൗരനും നേരിട്ട് ഭരണത്തിൽ പങ്കാളിത്തം ലഭ്യമായി. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ഭരണ ത്തിൽ എന്ന പോലെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പൗരന്മാർക്ക് നേരിട്ട് പങ്കാ ളിത്തം ഉറപ്പാക്കി. തന്മൂലം ഗ്രാമപഞ്ചായത്ത് ഓരോ പൗരനും ഭരണകാര്യ ത്തിൽ എന്ന പോലെ തന്നെ അവനെ സംബന്ധിക്കുന്ന ധാരാളം അവശ്യസേവന സഹായങ്ങൾക്കായി സ്ഥിരമായി ബന്ധപ്പെടേണ്ട ഒരു സ്ഥാപനമായി മാറി.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നിന്നും പൗരന്മാർക്ക് നൽകേണ്ട സേവനങ്ങൾ സംബന്ധിച്ച് മൂന്നാം ഷെഡ്യൂളിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം പൗരന്മാർക്കും തങ്ങളുടെ ഗ്രാമപഞ്ചായത്തിൽ നിന്നും മറ്റ് അനുബന്ധ ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ ഏതെല്ലാമെന്നോ, പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ, സേവനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ, സമയ പരിധി തുടങ്ങിയവ ഏതെന്നോ, എത്രയെന്നോ അറിവില്ലാത്ത സ്ഥിതിയാണുള്ളത്. തന്മൂലം ഒഴിവാക്കപ്പെടേണ്ട കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വരുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട സേവനങ്ങൾ കിട്ടുക എന്നുള്ളത് ഓരോ പൗരന്റെയും അവകാശമാണ്. ഇത് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രണ്ട് വകുപ്പുകളാണ് അറിയാനുള്ള അവകാശവും, പൗരാവകാശ രേഖയും.

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272-എ പ്രകാരം ഉത്തമ വിശ്വാസത്തോടെ ആവശ്യ പ്പെടുന്ന ഏത് വിവരങ്ങളും നടപടി ക്രമങ്ങൾ പാലിച്ച്കൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുക എന്നുള്ളത് ഓരോ പൗരന്റെയും അവകാശമാണ്. അതുപോലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272-എ ഗ്രാമപഞ്ചായത്ത് ഒരു പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനായി ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കാൻ സ്വമേദയ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ ഏതെല്ലാ മെന്നും അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും സേവനങ്ങൾ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിക്കണ മെന്നും സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി ഏതെന്നു വിശദമാക്കുന്ന 2026ലെ പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിന് ഗ്രാമപ ഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതാണ്.

*കാലാവധി: ഗ്രാമപഞ്ചായത്ത് ഭരണസമിതി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു കഴിഞ്ഞ് കാലാനുസൃതമായി പുതുക്കലുകൾ നടത്തി മറ്റൊരു പൗരാവകാശരേഖ പ്രസിദ്ധീ കരിക്കുന്നതു വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.*

*"പൗരന്മാർക്കുള്ള*
*അവകാശങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്"*

1. ഓരോ പഞ്ചായത്തും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളുടെയും അവയുടെ വ്യവസ്ഥകളുടെയും അവ ലഭ്യമാക്കുന്ന സമയപരിധി യുടെയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

2. പൗരാവകാശരേഖയെ കാലാകാലങ്ങളിൽ, അതായത് വർഷത്തി ലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേ ണ്ടതാണ്.

*കേരള പഞ്ചായത്ത് രാജ് ആക്ട്*
*വകുപ്പ് 272 എ*

***ജീവിതത്തിലെ ഒരു ശതമാനം***
***തെറ്റു ചെയ്യുന്ന ആളിന് മറ്റൊരു ശതമാനം***
***ശരി ചെയ്യാനാവില്ല.***
***ജീവിതം അഭിഭാജ്യമായ***
***ഒരു ഏകകമാണ്.***

***- ഗാന്ധിജി***

# പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങൾ

(ഘടന)

പഞ്ചായത്ത് ഭരണസമിതി

സ്റ്റിയറിംഗ് കമ്മിറ്റി

| ധനകാര്യം | വികസനം | ക്ഷേമകാര്യം | ആരോഗ്യം, വിദ്യാഭ്യാസം |
|---|---|---|---|

| | |
|---|---|
| പഞ്ചായത്ത് ഓഫീസ് - | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| കൃഷി ഭവൻ - | അഗ്രികൾച്ചറൽ ഓഫീസർ |
| ലൈബ്രറി ഹെൽപ് സെന്റർ - | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ഹോമിയോ ഡിസ്‌പെൻസറി - | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അംഗനവാടികൾ - | സൂപർവൈസർ (ഐ.സി.ഡി.എസ്.) |
| ഗ്രാമവികസനം - | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ |
| ലൈബ്രറി വിദ്യാഭ്യാസം - | എൽ.പി./യു.പി. സ്കൂൾ ഹെഡ്മാസ്റ്റർമാർ |
| മൃഗസംരക്ഷണം - | വെറ്റിനറി സർജൻ |
| ആയുർവേദ ഡിസ്‌പെൻസറി - | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| എൻജിനീയറിംഗ് വിഭാഗം - | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. |
| ക്ഷീരവികസനം - | ഡയറി ഡെവലപ്മെന്റ് ഓഫീസർ |

(ബ്ലോക്ക് അടിസ്ഥാനം)

## പൊതുവായ നിബന്ധനകൾ

1. വെള്ളക്കടലാസിൽ തയ്യാറാക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പറും, അപേക്ഷ സംബന്ധിച്ച വിശദവിവരങ്ങളും ഉണ്ടായിരിക്കണം.
2. അപേക്ഷകളിൽ 5 രൂപയുടെ കോർട്ടുഫീ സ്റ്റാമ്പ് പതിക്കണം. പ്രസിഡന്റിന് നൽകുന്ന അപേക്ഷകളിലും പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും സ്റ്റാമ്പ് പതിക്കേണ്ടതില്ല. സ്റ്റാമ്പ് ആക്ടിലെ ഭേദഗതികൾക്ക് ഇവ വിധേയമായിരിക്കും.
3. ഫോറങ്ങൾ ഓഫീസിൽ ലഭ്യമാകുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതാണ്. ചില ഫോറങ്ങൾക്ക് വില നൽകേണ്ടി വരും.
4. ക്ഷേമപെൻഷനുകളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിതരണം ചെയ്യുന്നതിന് കഴിയുകയുള്ളൂ.
5. പഞ്ചായത്തിന് പുറത്തുള്ള അധികാര സ്ഥാപനങ്ങളിൽ നിന്നും ഉത്തരവ്/നടപടി ആവശ്യമായി വരുന്ന സംഗതികളിൽ അവ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സേവനം ലഭിക്കുകയുള്ളൂ.
6. ഉദ്യോഗസ്ഥരുടെ തസ്തികകളിലെ ഒഴിവ്, ദീർഘകാല അവധി, ഔദ്യോഗിക യാത്രകൾ, മറ്റ് അടിയന്തിര പ്രാധാന്യമുള്ള ജോലികൾ ഉദ്യോഗസ്ഥരുടെ അവധിമൂലം സമയനിബന്ധനകളിൽ വ്യതിയാനം ഉണ്ടാകാവുന്നതാണ്.
7. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും നിയമഭേദഗതികളും അനുസരിച്ച് രേഖയിൽ വ്യതിയാനം വരുന്നതാണ്.
8. രേഖ ഓരോ വർഷവും പരിഷ്കരിച്ച് പുതുക്കുന്നതാണ്.
9. അപേക്ഷകൾ സമർപ്പിക്കുമ്പോൾ കൈപ്പറ്റിയതിനുള്ള രസീത് നൽകുന്നതും അത് സംബന്ധിച്ച് പിന്നീടുള്ള അന്വേഷണങ്ങൾക്ക് രസീത് കൊണ്ടുവരേണ്ടതുമാണ്.
10. ക്ഷേമപെൻഷനുകളിൽ ഒരാൾക്ക് ഏതെങ്കിലും ഒന്നിന് മാത്രമേ അർഹതയുള്ളൂ. ഒന്നിൽ കൂടുതൽ ലഭിക്കുന്നുവെങ്കിൽ എത്രയും വേഗം പഞ്ചായത്ത് ഓഫീസിൽ വിവരം അറിയിക്കുകയും തെറ്റ് തിരുത്തുകയും ചെയ്യുക.
11. കഴിയുന്നത്ര ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്. ഔദ്യോഗികമായ സംശയങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുക. ഓഫീസിൽ നിന്നും ലഭിക്കുന്ന നിർദ്ദേശാനുസരണം സഹകരിച്ച് പ്രവർത്തിക്കുക.

## പൗരന്റെ ചുമതലകളും കടമകളും

1. നികുതികളും ഫീസുകളും യഥാസമയം തന്നെ അടയ്ക്കുക. പിഴപ്പലിശ, ജപ്തി, പ്രോസിക്യൂഷൻ എന്നിവ ഒഴിവാക്കുക.
2. കെട്ടിടം പുതിയതായി നിർമ്മിക്കുകയോ നിലവിലുള്ളത് പുതുക്കി പണിയുകയോ ചെയ്യുന്നതിന് ജി.ഒ.എം.എസ്. നം 188/99/എൽ.എസ്.ജി.ഡി., തീയതി 1/1099 ലെ 994 ലെ 20-ാം ആക്ട് കെട്ടിട നിർമ്മാണ ചട്ടപ്രകാരം പഞ്ചായത്തിൽ ഭൂമി സംബന്ധമായ രേഖയും നിർദ്ദിഷ്ട പ്ലാനും ഹാജരാക്കി പെർമിറ്റ് വാങ്ങി പണി പൂർത്തീകരിച്ച് നികുതി നിർണ്ണയവും പുനർനിർണ്ണയവും നടത്തിക്കുകയും വേണം.
3. പൊതുസ്ഥലങ്ങൾ, റോഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുവാൻ സഹകരിക്കുക. ആവശ്യമില്ലാത്ത സാധനങ്ങൾ പൊതുവഴിയിലും, പൊതുസ്ഥലങ്ങളിലും വലിച്ചെറിയുന്ന ശീലം മതിയാക്കുക. അവ പൊതുജനങ്ങൾക്ക് ഉപദ്രവം അല്ലാത്തവിധം നിക്ഷേപിക്കുക.
4. 30 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് സാധനങ്ങൾ പൂർണ്ണമായും ഒഴിവാക്കുക.
5. പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും, മദ്യം കഴിക്കുന്നതും ഉപേക്ഷിക്കുക. അപ്രകാരം ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുക.
6. പാൻ പരാഗ്, ഹാൻസ് തുടങ്ങിയ പേരുകളിൽ വിൽക്കപ്പെടുന്ന ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം ഉപേക്ഷിക്കുക. വിൽപന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മെഡിക്കൽ ഓഫീസറെ വിവരം അറിയിക്കുക.
7. വളർത്തുമൃഗങ്ങളേയും, കോഴി, താറാവ് എന്നിവയേയും പൊതുസ്ഥലങ്ങളിലും, കൃഷിയിടങ്ങളിലും അലഞ്ഞ് തിരിയാൻ അനുവദിക്കരുത്. പരിസരവാസികൾക്ക് ഇതുമൂലം ശല്യമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
8. കൃഷിയിടങ്ങളിൽ രൂക്ഷമായ കീടനാശിനികൾ ഉപയോഗിക്കുന്നതിന് മുമ്പ് കൃഷി ഓഫീസറുടെ ഉപദേശം തേടുക.
9. രക്ഷിതാക്കൾ സ്കൂളിൽ പോകുന്ന കുട്ടികളെ ശുചിത്വത്തോടും, കൃത്യനിഷ്ഠതയോടും കൂടി അയക്കുന്നതിന് ശ്രദ്ധിക്കണം.
10. വ്യാജവാറ്റ് പോലുള്ള സാമൂഹ്യ തിന്മകൾ അവസാനിപ്പിക്കുകയും അത് ചെയ്യുന്ന വരെ നിരുത്സാഹപ്പെടുത്തുകയും അധികാരസ്ഥാനങ്ങളെ വിവരം അറിയിക്കു കയും ചെയ്യുക.
11. മുതിർന്നവരെ ബഹുമാനിക്കുകയും പരസ്പരം സ്നേഹവും സൗഹാർദ്ദവും സഹവർത്തിത്വവും സഹിഷ്ണുതയും പുലർത്തുകയും ചെയ്യുക.

12. പൊതുവായ കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ ശ്രദ്ധിക്കണം.
13. അവനവനാത്മസുഖത്തിനാചരിക്കുന്നവ അപരന് അസുഖകരമാകാതെ സൂക്ഷിക്കുക.
14. സ്വന്തം ആവശ്യത്തേക്കാൾ വലുതാണ് മറ്റുള്ളവന്റെ ആവശ്യമെങ്കിൽ അതിനെ അംഗീകരി ക്കുക.
15. മനസ്സും ചിന്തയും പ്രവൃത്തിയും സത്യസന്ധതയും കളങ്കരഹിതവുമായിരി ക്കാൻ ശ്രദ്ധിക്കുക.
16. ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുകയും നാടിന്റെ വികസനത്തിൽ പങ്കാളി കൾ ആവുകയും ചെയ്യുക.
17. അയൽക്കൂട്ടങ്ങളുടെ രൂപീകരണത്തിന് താല്പര്യം കാണിക്കുകയും അവയെ ശക്തിപ്പെടുത്താനും നിലനിർത്തുവാനും പരിശ്രമിക്കുകയും ചെയ്യുക.
18. പ്രാദേശിക ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ ശ്രദ്ധ വയ്ക്കുകയും നമ്മുടെ ഗ്രാമത്തിന്റെ സ്വാശ്രയത്തിന് ഉപകരിക്കുന്ന വിധത്തിൽ സ്വജീവിതത്തെ മാറ്റുകയും ചെയ്യുക.
19. സ്വന്തം പറമ്പിലെ മരമോ അതിന്റെ കൊമ്പുകളോ അന്യന്റെ കെട്ടിടത്തിന് ഭീഷണിയായി നിൽക്കുകയോ അവരുടെ കൃഷിക്ക് ദോഷകരമായി നിൽ ക്കുകയോ അവരുടെ കുടിവെള്ള സ്രോതസ്സിനെ മലിനമാക്കുന്ന വിധത്തിൽ ആയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ മരമോ അതിന്റെ കൊമ്പുകളോ മുറിച്ചുമാറ്റുകയും, തടസ്സം നീക്കുകയും ചെയ്യുക.
20. എല്ലാവർക്കും ശുചിത്വമുള്ള കക്കൂസുകൾ ഉണ്ടാവുക എന്നത് ഓരോരു ത്തരുടേയും സമൂഹത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തിന് പ്രയോജന കരമാണ്. അതിനുള്ള പരിശ്രമങ്ങളിൽ പങ്കാളികളാവുക. വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കുക.
21. പൗരാവകാശ രേഖയിലെ വിവരങ്ങൾ നിങ്ങളുടെ അയൽവാസികൾക്ക് പറഞ്ഞ് കൊടുക്കുകയും അതിലെ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുന്നതിന് അവരെ സഹായിക്കുകയും ചെയ്യുക.

അനുബന്ധം 2

# ചുമതലകളും ഉത്തരവാദിത്വങ്ങളും

പഞ്ചായത്ത് രാജ് നിയമപ്രകാരം അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഭരണഘടനാപരമായ ഏക സംവിധാനമാണ് ഗ്രാമസഭ. ഗ്രാമ പഞ്ചായത്തിന്റെ ഓരോ നിയോജകമണ്ഡലവും (വാർഡ്) ഭരണഘടനയുടെ 243-ാം അനുച്ഛേദം (ജി) ഖണ്ഡത്തിന്റെ കീഴിൽ ഒരു ഗ്രാമമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഓരോ വാർഡിന്റെയും സമ്മതിദായക പട്ടികയിൽ പേരുള്ള എല്ലാവരും ആ വാർഡിന്റെ ഗ്രാമസഭാംഗങ്ങളാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 3 എ വകുപ്പുകളിലൂടെ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും ഒപ്പം 3 ബി വകുപ്പിലൂടെ ഉത്തരവാദിത്വങ്ങളും കൂടി വ്യക്തമാക്കിയതായി കാണാവുന്നതാണ്. അതനുസരിച്ചുള്ള പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.
2. ഗുണഭോക്താക്കളെ ലഭ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിച്ച മാനദണ്ഡമനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമായി തയ്യാറാക്കുന്നതിനു ഗ്രാമസഭകളെ സഹായിക്കുക.
3. പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകി കൊണ്ട് വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനു സഹായങ്ങൾ ചെയ്തു കൊടുക്കുക.
4. വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധസേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സമാഹരിക്കുകയും ചെയ്യുക.
5. തെരുവുവിളക്കുകൾ, പൊതുവാട്ടർ ടാപ്പുകൾ, പൊതുക്കിണറുകൾ തുടങ്ങിയവയുടെ സ്ഥാനം നിർദ്ദേശിക്കുന്നതിനു ഗ്രാമസഭയെ സഹായിക്കുക.
6. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതു താല്പര്യമുള്ള സംഗതികളെ സംബന്ധിച്ച് അറിവ് പകരുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ സംരക്ഷണം നൽകുന്നതിനും ഗ്രാമസഭയെ സഹായിക്കുക.
7. പ്രാദേശികമായ വിവിധ വിഭാഗത്തിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്താനും സമഭാവം വളർത്തുന്നതിനായി കലാകായിക മേളകൾ സംഘടിപ്പിക്കുന്നതിനു പങ്കാളികളാകുക.
8. വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃസമിതികളെ നിരീക്ഷിക്കുകയും ചെയ്യുക.
9. വിവിധ തരം ക്ഷേമ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത ഗ്രാമസഭകളിലൂടെ പരിശോധിക്കുക.
10. ശുചീകരണ പ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനു സന്നദ്ധ സേവനം നൽകുകയും ചെയ്യുക.
11. പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവു വിളക്കുകൾ കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിച്ചു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
12. പ്രദേശത്തെ സ്കൂളുകളിലെ അധ്യാപക-രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

13. പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് രോഗപ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സഹായിക്കുക.
14. വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രാമസഭ മുഖേന പ്രചരിപ്പിക്കുക.
15. ആരോഗ്യവും സാക്ഷരതയും സംബന്ധിച്ചും വികസനപരമായ മറ്റു സമയബന്ധിത പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചാരണം നടത്തുകയും ചെയ്യുക.
16. ആവശ്യമായ സാമൂഹിക-സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുന്നതിനു ഗ്രാമസഭയെ സഹായിക്കുക.
17. നിക്ഷേപിക്കൽ നൽകുന്നതിനും വായ്പ തിരിച്ചടക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനു ധാർമ്മികമായ മാർഗങ്ങൾ അവലംബിക്കുക.
18. പഞ്ചായത്തിന്റെ ധനാഗമ മാർഗങ്ങൾ വർധിപ്പിക്കുന്നതിനായി ഗ്രാമസഭാഭിമുഖ്യത്തിൽ പ്രാദേ ശികമായി വിഭവസമാഹരണം നടത്തുക.
19. സന്നദ്ധ സംഘടനകളെന്ന നിലയിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
20. സാംക്രമിക രോഗങ്ങൾ, പ്രകൃതി ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്നു വിവരം നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുക.

## അന്വേഷണ ചുമതല

(G.O. (P) No. 189/2000/LSLD 4/7/2000)

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | - | കൃഷി അസിസ്റ്റന്റ് |
| തൊഴിൽ രഹിത വേതനം | - | ക്ലർക്കുമാർ |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതാരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | സൂപ്പർവൈസർ ഐ.സി.ഡി.എസ്. |
| വാർദ്ധക്യകാലപെൻഷൻ | - | വി.ഇ.ഒ |
| വിധവ പെൻഷൻ | - | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| വികലാംഗ പെൻഷൻ | - | ഹെൽത്ത് ഇൻസ്പെക്ടർ |

# പൊതുനിബന്ധനകൾ

1. ഗ്രാമപഞ്ചായത്തിന് നൽകേണ്ടതായ ഏതെങ്കിലും ഫീസോ, നികുതിയോ, മറ്റു കടങ്ങളോ നൽകാനുള്ള ഏതൊരാൾക്കും ഏതൊരു ലൈസൻസോ അനുവാദമോ നിഷേധിക്കാനുള്ള അധികാരം പഞ്ചായത്തിന് ഉണ്ടായിരിക്കുന്നതാണ്.
2. എല്ലാ അപേക്ഷകൾക്കും ഹർജികൾക്കും രസീത് നൽകുന്നതാണ്. അത് ഫ്രണ്ട് ഓഫീസിൽ നിന്ന് അപേക്ഷകർ വാങ്ങേണ്ടതാണ്.
3. പഞ്ചായത്ത് ഓഫീസിലെ ഫ്രണ്ട് ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സേവനം നിർദ്ദിഷ്ട ദിവസങ്ങളിൽ പകൽ 5 മണി വരെ മാത്രം നൽകുന്നതാണ്. അപേക്ഷ വാങ്ങുന്നതിനു പ്രത്യേകം ദിവസം നിശ്ചയിച്ചവയ്ക്ക് പ്രസ്തുത ദിവസങ്ങളിൽ മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ.
4. സേവനം ലഭ്യമാകുന്നതിനുള്ള പരമാവധി സമയപരിധിയാണ് കാണിച്ചിട്ടുള്ളത്.
5. ഓരോന്നിനും നിശ്ചയിച്ച ഫീസ് നിരക്കുകൾ കാലാകാലങ്ങളിലുള്ള ഉത്തരവുകൾ പ്രകാരം മാറ്റങ്ങൾക്ക് വിധേയമാണ്.
6. തെരഞ്ഞെടുപ്പ്, പ്രകൃതിക്ഷോഭം, സാമ്പത്തിക വർഷാന്ത്യ ഔദ്യോഗിക തിരക്കുകൾ, ജീവന ക്കാരുടെ ദീർഘകാല അവധി തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളിൽ പൗരാവകാശ രേഖയിലെ സമയപരിധി ദീർഘിപ്പിക്കാനിടയാകുന്നതാണ്. അക്കാര്യം നോട്ടീസ് ബോർഡിൽ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതാണ്.
7. **സാമ്പത്തിക ഇടപാടുകൾ എല്ലാ ദിവസവും 3 മണിക്ക് അവസാനിക്കുന്നതാണ്.**

# ഫ്രണ്ട് ഓഫീസ് സംവിധാനം

ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ പ്രവൃത്തിഭാരവും പ്രവൃത്തി ബാഹുല്യവും ജീവനക്കാരുടെ പരിമിതിയും കണക്കിലെടുത്തുകൊണ്ടും പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾ സമയബന്ധിതമായും ഗുണനിലവാരത്തിലും സൗഹാർദ്ദപരമായും ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്തി കാര്യക്ഷമമാക്കുന്നതിനുമാണ് ഫ്രണ്ട് ഓഫീസ് സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. കായണ്ണ ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് 2021 ഒക്ടോബർ 6 മുതൽ ILGMS സോഫ്റ്റ്വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. ഇതിലൂടെ ഓഫീസിന്റെ പ്രവർത്തനത്തിൽ കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നത് തർക്കമറ്റ വസ്തുതയാണെങ്കിലും പൊതുജനങ്ങളുടെയും ജീവനക്കാരുടെയും എല്ലാ പരാതികളും പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. ഫ്രണ്ട് ഓഫീസിലെ തിരക്ക് കുറയ്ക്കാൻ വേണ്ടിയും അപേക്ഷകൾ നൽകാനും ഹെൽപ്പ് ഡെസ്ക് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സൗമനസ്യഭാവവും സഹകരണവുമുണ്ടെങ്കിൽ Front Office എല്ലാവരുടെയും Friend Office ആയി മാറ്റാൻ സാധിക്കുന്ന കാലം വിദൂരമല്ല എന്നു പ്രത്യാശിക്കുന്നു.

# പ്രവൃത്തി വിഭജനം (സംക്ഷിപ്തം)

| സെക്ഷൻ | ചുമതലയുള്ള ഉദ്യോഗ സ്ഥന്റെ ഉദ്യോഗപേര് | കൈകാര്യം ചെയ്യുന്ന പ്രധാന വിഷയങ്ങൾ |
|---|---|---|
| | അസി.സെക്രട്ടറി | സാമൂഹിക സുരക്ഷിത പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം, വിവിധ മിഷൻ, കോ-ഓർഡിനേഷൻ (സാക്ഷരത, ലൈഫ്, മാലിന്യ സംസ്കരണം) |
| | ഹെഡ് ക്ലാർക്ക് | ഓഫീസ് പ്രവർത്തനങ്ങളുടെയും ഫ്രണ്ട് ഓഫീസിന്റെയും മേൽനോട്ടം, ടെലിവിഷൻ, വിവരാവകാശം, പബ്ലിക് ഇൻഫർമേഷൻ. |
| | അക്കൗണ്ടന്റ് | അക്കൗണ്ട്സ്, ബഡ്ജറ്റ്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം, വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ, അസിസ്റ്റന്റ് RIT |
| SC 1 | സീനിയർ ക്ലാർക്ക് | വിവരാവകാശം, ബിൽഡിംഗ് നമ്പറിംഗ്, ജമ മാറ്റൽ, പെർമിറ്റ്, കേസ്, എസ്റ്റാബ്ലിഷ്മെന്റ്, ഓഡിറ്റ്, തനത് ഫണ്ട് ബില്ലുകൾ. |
| SC 2 | സീനിയർ ക്ലാർക്ക് | വികസന പദ്ധതി രൂപീകരണം, നിർവ്വഹണം, പ്രൊജക്റ്റുകൾ, സംരക്ഷണ ഗ്രാന്റ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം, ആസ്തി പരിപാലനം |
| JC 1 | ക്ലാർക്ക് | ലൈസൻസ്, പ്രൊഫഷണൽ ടാക്സ്, ഡിസ്പാച്ച്, ഇലക്ഷൻ, വാർഡ് 6,12,13,14 |
| JC 2 | ക്ലാർക്ക് | സിവിൽ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷ പെൻഷൻ, വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി, വാർഡ് 1,2,5 |
| JC 3 | ക്ലാർക്ക് | ആസ്തിപരിപാലനം, പൊതുപരാതികൾ, ദുരന്തനിവാരണം, പൊതുവിതരണം, പൊതുസുരക്ഷ, പ്രകൃതിവിഭവം, CMO പോർട്ടൽ, തനത് ഫണ്ട്, വാർഡ് 3,4,8 |
| JC 4 | ക്ലാർക്ക് | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, പൊതുജനാരോഗ്യം, ശുചിത്വവും, തൊഴിലുറപ്പ്, വാർഡ് 7,9,10,11 |
| | ഓഫീസ് അറ്റൻഡന്റ് | തപാൽ വിതരണം, ഡെയ്‌ലി കളക്ഷൻ, ബാങ്കിൽ നിക്ഷേപിക്കൽ, യോഗവിവരങ്ങൾ അറിയിക്കൽ, ഓഫീസ് സമയബന്ധിതമായി തുറക്കലും അടക്കലും |
| | പി.ടി.എസ് | ഓഫീസും പരിസരവും ശുചീകരിക്കൽ, മാലിന്യങ്ങൾ സംസ്കരിക്കൽ |
| | പ്രൊജക്റ്റ് അസിസ്റ്റന്റ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രൊജക്റ്റുകൾ, ഇ-ഗ്രാം, സ്വരാജ്, PFMS വഴി നടക്കുന്ന എല്ലാ പെയ്മെന്റുകളും സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ഡിജിറ്റൽ സൈന് ചെയ്യേണ്ടതും ഫയലുകൾ സൂക്ഷിക്കേണ്ടതും |
| | പി.ടി.എൽ ടെക്നിക്കൽ അസിസ്റ്റന്റ് | ലൈബ്രറി സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കൽ, ഓഫീസ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സൂക്ഷിപ്പ്. |

# കായണ്ണ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ വിവരങ്ങൾ

| വാർഡ് | അംഗത്തിന്റെ പേര് | വാർഡിന്റെ പേര് | സ്ഥാനം | ഫോൺ നമ്പർ | സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|
| 1 | എം. ഋഷികേശൻ | കക്കാട് | മെമ്പർ | 9946767391 | ക്ഷേമകാര്യം |
| 2 | നഷീദ നടുക്കണ്ടി | കുരിക്കൽകൊല്ലി | മെമ്പർ | 7559078490 | ധനകാര്യം |
| 3 | ഷൈജ സുനിൽകുമാർ | മാട്ടനോട് | മെമ്പർ | 9539859873 | ആരോഗ്യം,വിദ്യാഭ്യാസം |
| 4 | പി.കെ രജിത | പാറമുതു | വൈസ് പ്രസിഡണ്ട് | 9946606659 | ധനകാര്യം |
| 5 | രജീഷ് എ.എസ് | അമ്പാഴപ്പാറ | മെമ്പർ | 7356952727 | ധനകാര്യം |
| 6 | ഫെറിൻ സേവ്യർ | പൂവ്വത്താംകുന്ന് | മെമ്പർ | 9562016515 | വികസനം |
| 7 | ഷിജി ശ്രീജിത്ത് | മൊട്ടന്തറ | മെമ്പർ | 9539863232 | ക്ഷേമകാര്യം |
| 8 | അതുല്യ ഷിബു | ചെറുക്കാട് | മെമ്പർ | 7025464150 | വികസനം |
| 9 | ബിജി സുനിൽ കുമാർ | പാടിക്കുന്ന് | ചെയർപേഴ്സൺ | 9526765859 | ആരോഗ്യം, വിദ്യാഭ്യാസം |
| 10 | കെ.കെ.അബൂബക്കർ | കൂടത്താംപൊയിൽ | മെമ്പർ | 9446641914 | ആരോഗ്യം, വിദ്യാഭ്യാസം |
| 11 | എ.സി.ശരൺ | മരപ്പറ്റ | ചെയർമാൻ | 7034423357 | വികസനം |
| 12 | പി.പി സജീവൻ | നീലികുന്ന് | മെമ്പർ | 9846556044 | ധനകാര്യം |
| 13 | ഇ.സി സന്തോഷ് | മുണ്ടുവയൽ | പ്രസിഡണ്ട് | 9846926136 | പ്രസിഡണ്ട് |
| 14 | രമേശൻ കോമത്ത് | നമ്പ്രംകുന്ന് | ചെയർമാൻ | 8547575051 | ക്ഷേമകാര്യം |

## കായണ്ണ ഗ്രാമപഞ്ചായത്ത് നിർവഹണ ഉദ്യോഗസ്ഥർ

1. സെക്രട്ടറി ഗ്രാമപഞ്ചായത്ത്
2. അസി.സെക്രട്ടറി കായണ്ണ ഗ്രാമപഞ്ചായത്ത്
3. അസിസ്റ്റന്റ് എൻജിനീയർ എൽ. എസ്. ജി.ഡി
4. കൃഷി ഓഫീസർ കൃഷിഭവൻ കായണ്ണ
5. മെഡിക്കൽ ഓഫീസർ പി എച്ച് സി കായണ്ണ
6. മെഡിക്കൽ ഓഫീസർ ജി.എ.ഡി കായണ്ണ
7. വെറ്ററിനറി സർജൻ വി.ഡി കായണ്ണ
8. വി.ഇ.ഒ ചെറുകാട്
9. വി.ഇ.ഒ കായണ്ണ
10. ഐ.സി.ഡി.എസ് സൂപ്പർവൈസർ
11. ഡയറി ഫാം ഇൻസ്പെക്ടർ പേരാമ്പ
12. ഹെഡ്മാസ്റ്റർ കായണ്ണ ഗവൺമെന്റ് യു.പി സ്കൂൾ
13. മെഡിക്കൽ ഓഫീസർ, ഗവഃ ഹോമിയോ ഡിസ്പെൻസറി, കായണ്ണ

# ആസൂത്രണസമിതി

1. അദ്ധ്യക്ഷൻ - ഇ സി സന്തോഷ് (പ്രസിഡണ്ട്)
2. കൺവീനർ - ജ്യോതിഷ് പി (സെക്രട്ടറി)
3. ഉപാദ്ധ്യക്ഷൻ - സി കെ ശശി

അംഗങ്ങൾ

4. പി കെ രജിത (വൈസ് പ്രസിഡണ്ട്)
5. എ സി ശരൺ (ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി)
6. രമേശൻ കെ (ചെയർമാൻ,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
7. ബിജി സുനിൽകുമാർ (ചെയപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)
8. എ.സി സതി
9. എൻ.പത്മജ
10. എ.എം.രാമചന്ദ്രൻ മാസ്റ്റർ
11. എ.സി.ബാലകൃഷ്ണൻ
12. ഷിജു.പി കെ
13. രാജഗോപാലൻ മാസ്റ്റർ.കെ
14. കെ.വി.സി.ഗോപി
15. വിനയൻ പുഴനടയ്ക്കൽ
16. കെ.പി.ചന്ദ്രൻ കള്ളൻകൊത്തിപ്പാറ
17. പി.കെ അബ്ദുൾ സലാം

# ഹരിതകേരള മിഷൻ,
# ലൈഫ് മിഷൻ, ആർദ്രം,
# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | ഇ.സി.സന്തോഷ് (പഞ്ചായത്ത് പ്രസിഡണ്ട്) |
| അംഗങ്ങൾ | : | കെ.കെ.ഹനീഫ (ജില്ലാ പഞ്ചായത്ത് മെമ്പർ) |
| | : | ഗാന.കെ.വി (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| | : | എ.സി.ശരൺ |
| | : | രമേശൻ കോമത്ത് |
| | : | ബിജി സുനിൽ കുമാർ |
| | : | സി.കെ.ശശി (ആസൂത്രണ സമിതി വൈസ് ചെയർമാൻ) |
| | : | സി.ഡി.എസ് ചെയർപേഴ്സൺ |
| | : | കൃഷി, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, |
| | : | ശുചിത്വ, വിദ്യഭ്യാസം, വർക്കിംഗ് ഗ്രൂപ്പ്, |
| | : | ചെയർമാൻ, കൺവീനർമാർ, |
| | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| മിഷൻ സെക്രട്ടറി | : | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

# ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി

ഇ സി സന്തോഷ് പഞ്ചായത്ത് പ്രസിഡണ്ട് (മാനേജിംഗ് കമ്മിറ്റി ചെയർമാൻ)

ബിജി സുനിൽ കുമാർ (പൊതുജനാരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

(മാനേജിംഗ് കമ്മിറ്റി വൈസ് ചെയർപേഴ്സൺ)

പി.കെ രജിത (ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

എ.സി ശരൺ (പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

വിജുല എ.കെ (മരാമത്ത് പണികളുടെ ചുമതലയുള്ള പഞ്ചായത്തിലെ അസി.എഞ്ചിനീയർ)

ഗാന കെ.സി (സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

ഹനീഫ കെ.കെ ( സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ)

**<u>വെറ്റിനറി ഹോസ്പിറ്റൽ</u>**

ഡോ.അഖിൽ കെ വെറ്റിനറി സർജ്ജൻ

നഷീദ നടുക്കണ്ടി (മെമ്പർ)

കെ.കെ. അബൂബക്കർ മാസ്റ്റർ

ഗോപി മാസ്റ്റർ

ജിത ചന്ദ്രൻ

**ഹോമിയോ ഡിസ്പെൻസറി**

ഡോ.റിഷ്യ മെഡിക്കൽ ഓഫീസർ

അതുല്യ (മെമ്പർ)

പി.കെ ബാലൻ

കെ.എം രാധാകൃഷ്ണൻ

സി.ജി രാജൻ

**<u>ആയുർവേദ ഡിസ്പെൻസറി</u>**

ഡോ. ജീജ വി പി

ഋഷികേശൻ (മെമ്പർ)

പി സി കരുണാകരൻ മാസ്റ്റർ

രാജഗോപാലൻ മാസ്റ്റർ

കവിലിശ്ശേരി ഗംഗാധരൻ നായർ

**<u>എഫ് എച്ച് സി</u>**

ഡോ.ജാസ്മിൻ

സി.കെ ശശി

വി.പി രാജൻ

വി.സി ഗിരീഷ് കുമാർ

## ജൈവവൈവിധ മാനേജ്മെന്റ് കമ്മിറ്റി

1. ഇ.സി സന്തോഷ് (പഞ്ചായത്ത് പ്രസിഡണ്ട്)
2. ജ്യോതിഷ്.പി (പഞ്ചായത്ത് സെക്രട്ടറി)
3. ഗോപി കെ.വി
4. സി.സിന്ധു
5. സി.ഷിജു
6. പി.കെ ശശിധരൻ
7. മോഹനൻ സി.കെ
8. സോമൻ വി.പി
9. ലിതേഷ്
10. കരുണൻ
11. പത്മജ.എൻ
12. ദീപ.കെ

## ജാഗ്രതാ സമിതി

ഇ സി സന്തോഷ് (പ്രസിഡണ്ട്) - ചെയർമാൻ
നജി വിജയൻ പി (ഐ സി ഡി എസ് സൂപ്പർവൈസർ) - കൺവീനർ
ജാസ്മിൻ - മെഡിക്കൽ ഓഫീസർ
C1, SI - മെമ്പർമാർ
ആർ.
ബി പ്രീത - വക്കീൽ
പ്രജിന കാക്കിരാന്തിമീത്തൽ - സി ഡി എസ് ചെയർപേഴ്സൺ
ബിജി സുനിൽകുമാർ - മെമ്പർ
സുലോചന - അംഗനവാടി വർക്കർ പ്രതിനിധി
ജിഷ്ണു, അതുല്യ - എസ് സി, എസ് ടി പ്രതിനിധി

## ട്രാഫിക് റഗുലേറ്ററി കമ്മിറ്റി

ചെയർമാൻ : ഇ സി സന്തോഷ് (ഗ്രാമപഞ്ചായത്ത് പ്രസിഡ്)
അംഗങ്ങൾ : പോലീസ് പ്രതിനിധി
: ആർ ടി ഒ പ്രതിനിധി
: പി ഡബ്ല്യുഡി എക്സിക്യൂട്ടീവ്
: എഞ്ചിനീയർ പ്രതിനിധി
: ജില്ലാ മജിസ്ട്രേറ്റ് നോമിനി
: വില്ലേജ് ഓഫീസർ

## ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി

സമിതി ചെയർമാൻ - ഇ സി സന്തോഷ് (ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)
ജ്യോതിഷ് പി (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)
പി.കെ രജിത (സ്റ്റിയറിംഗ് കമ്മിറ്റി)
എ.സി ശരൺ (സ്റ്റിയറിംഗ് കമ്മിറ്റി)
രമേശൻ കോമത്ത് (സ്റ്റിയറിംഗ് കമ്മിറ്റി)
ബിജി സുനിൽകുമാർ (സ്റ്റിയറിംഗ് കമ്മിറ്റി)

## പ്രൊക്യൂർമെന്റ് കമ്മിറ്റി

| | | |
|---|---|---|
| 1. | ചെയർമാൻ | : ഇ സി സന്തോഷ് (പ്രസിഡണ്ട്) |
| 2. | ഉപാദ്ധ്യക്ഷൻ | : പി.കെ രജിത (വൈസ് പ്രസിഡ്) |
| 3. | കൺവീനർ | : ജ്യോതിഷ് പി (സെക്രട്ടറി) |
| 4. | | : എ.സി ശരൺ (ചെയർമാൻ വികസന സ്ഥാൻറിംഗ് കമ്മിറ്റി) |
| 5. | | : രമേശൻ കോമത്ത് (ചെയർമാൻ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി) |
| 6. | | : ബിജി സുനിൽകുമാർ (ചെയർപേഴ്സൺ ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി) |
| 7. | | : വി പി സോമൻ മാസ്റ്റർ (സോഷ്യൽ ഓഡിറ്റ് കമ്മറ്റി) |
| 8. | | : നിർവ്വഹണ ഉദ്യോഗസ്ഥർ |

## ട്രീ കമ്മിറ്റി

| | |
|---|---|
| കമ്മിറ്റി ചെയർമാൻ | : പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് |
| കൺവീനർ | : ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| അംഗങ്ങൾ | : വില്ലേജ് ഏഫീസർ<br>വനംവകുപ്പ് റേഞ്ച് ഓഫീസർ |

## പരാതി പരിഹാര കമ്മിറ്റി

എ സി ശരൺ (ചെയർമാൻ വികസന സ്റ്റാൻറിംഗ് കമ്മിറ്റി)
രമേശൻ കോമത്ത് (ചെയർമാൻ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി)
ബിജി സുനിൽകുമാർ (ചെയർപേഴ്സൺ ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി)
പഞ്ചായത്ത് അംഗങ്ങളായ: ഷൈജ സുനിൽകുമാർ (മെമ്പർ),
പി പി സജീവൻ (മെമ്പർ), അബൂബക്കർ മാസ്റ്റർ (മെമ്പർ)

# സമയ ക്രമീകരണങ്ങൾ

ഗ്രാമപഞ്ചായത്തിലെയും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളിലെയും ഔദ്യോഗിക രേഖകൾ കൃത്യമായി എഴുതി തയ്യാറാക്കുകയും ശരിയായവിധം അവ സൂക്ഷിക്കുകയും ആവശ്യമായ പരിശോധനകൾക്ക് ഹാജരാക്കുകയും ചെയ്യേണ്ടത് അതത് ഓഫീസുകളിലെ ബന്ധപ്പെട്ട ജീവനക്കാരുടെ ഔദ്യോഗിക കർത്തവ്യമാണ്. ഈ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സമയം കണ്ടെത്തുന്നതിന്, ബഹുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് ദിവസ നിയന്ത്രണങ്ങളും സമയ ക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന കഴിഞ്ഞ കാല അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ചില സേവനങ്ങൾക്ക് നിർദ്ദിഷ്ട ദിവസങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമായി നടത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സമയക്രമീകരണങ്ങൾ മനസ്സിലാക്കി പ്രസ്തുത സേവനങ്ങൾക്ക് നിർദ്ദിഷ്ട ദിവസങ്ങളിൽ മാത്രം പഞ്ചായത്ത് ഓഫീസുകളെ സമീപിക്കേണ്ടതാണ്. അവ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ | : പ്രവൃത്തി ദിവസങ്ങൾ |
| 2. ബിൽഡിംഗ് പെർമിറ്റ് അപേക്ഷ (കുടിൽ, കിണർ, മതിൽ) | : പ്രവൃത്തി ദിവസങ്ങൾ |
| 3. പെൻഷൻ അപേക്ഷകൾ, തൊഴിലില്ലായ്മ വേതനം അപേക്ഷകൾ | : പ്രവൃത്തി ദിവസങ്ങൾ |
| 4. സാമ്പത്തിക ഇടപാടുകൾ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10 a.m. മുതൽ 3 p.m. വരെ |
| 5. വിവാഹ രജിസ്ട്രേഷൻ | പ്രവർത്തി ദിവസങ്ങൾ |

* എല്ലാ സേവനങ്ങളും ഫ്രണ്ട് ഓഫീസിൽക്കൂടി ലഭ്യമാകുന്നതാണ്.

* ഫ്രണ്ട് ഓഫീസ് പ്രവൃത്തി സമയം:

10 a.m. മുതൽ 1.15 p.m. വരെ, 2 p.m. മുതൽ 5 p.m. വരെ.

പഞ്ചായത്ത് ചുമത്തുന്ന പിഴപലിശ (പ്രതിമാസം 2%)

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 209-ഇ പ്രകാരം
പിഴപലിശ ഈടാക്കുന്ന തീയതി സംബന്ധിച്ചിട്ടുള്ള സ്പഷ്ടീകരണം.

| നികുതി ഇനം | പിഴപലിശ നൽകേിവരുന്ന തീയതി |
|---|---|
| 1. ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിൽ ഉടമ ആഫീസ് മേധാവി മുഖാന്തിരം) | സെപ്റ്റംബർ 1 മുതൽ |
| 2. രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊട്ടിൽ ഉടമ, ആഫീസ് മുഖാന്തിരം) | ഏപ്രിൽ 1 മുതൽ |
| 3. ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി (ഇടപാട് നടത്തുന്നവരിൽ നിന്നും) | ഡിമാന്റ് നോട്ടീസിൽ നികുതിയടയ്ക്കാൻ നിർദ്ദേശിക്കുന്ന അവസാന തീയതി കഴിഞ്ഞു വരുന്ന തൊട്ടടുത്ത ദിവസം മുതൽ |
| 4. മുഴുവൻ വർഷ നികുതിയും (സമ്പാദ്യചട്ടം, സേവന നികുതി ഉൾപ്പെടെ) | ഒക്ടോബർ മാസം ഒന്നു മുതൽ |
| 5. വിവിധ നികുതി (മുൻകൂർ ഈടാക്കൽ അല്ലാത്തത്) | നികുതി ഒടുക്കുന്നതിനായി നിശ്ചയിച്ചു നൽകിയ തീയതി കഴിഞ്ഞു വരുന്ന ആദ്യ ദിവസം മുതൽ |
| 6. ഇതര നികുതികൾ/ മറ്റിനങ്ങൾ | അറിയിപ്പിൽ തുക ഒടുക്കുന്നതിന് സൂചിപ്പിച്ചിട്ടുള്ള അവസാന തീയതി കഴിഞ്ഞു വരുന്ന ആദ്യ ദിവസം മുതൽ |

1 ഉം, 4 ഉം ഇനങ്ങളിലുള്ള തുക സെപ്റ്റംബർ 30ഉം 3ഉം 2ഉം മാർച്ച് 31 31നകവും അടയ്ക്കാതിരുന്നാൽ മാത്രമേ പിഴ പലിശ വസൂലാക്കേണ്ടതുള്ളൂ. 3,4,5,6 എന്നീ ഇന ങ്ങളിലുള്ള തുകകളും അവ നൽകേണ്ടതായി തീർന്ന അർദ്ധവർഷം അവസാനി ക്കുന്നതിനകം അടയ്കാതിരുന്നാൽ മാത്രമേ ആ ഇനങ്ങൾക്കെതിരെ കാണിച്ചിട്ടുള്ള തിയ്യതി മുതൽ പിഴ പലിശ നൽകേണ്ടതുള്ളൂ. ഒരു മാസത്തിൽ കുറയാത്ത കാലയള വിലേക്കും ഒരു മാസത്തെ പിഴ പലിശ ഈടാക്കാവുന്നതാണ്. ലൈബ്രറി സെസിന് പിഴ പലിശ ഈടാക്കേണ്ടതില്ല.

# കായണ്ണ പഞ്ചായത്ത് പൗരാവകാശരേഖ

1994 കേരള പഞ്ചായത്ത് രാജ് നിയമം 272എ വകുപ്പ് അനുസരിച്ച് 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ 3 (7) ചട്ടപ്രകാരം തയ്യാറാക്കിയതും 01-01-2021 മുതൽ പ്രാബല്യമുള്ളതുമായ പരിഷ്കരിച്ച പൗരാവകാശ രേഖ) താഴെ പറയുന്ന സേവനങ്ങൾ ഈ ഗ്രാപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് ഗ്രാമപഞ്ചായത്ത് നിയമബന്ധിതമായി ലഭ്യമാക്കുന്നതാണ്.

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവന വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി അപേക്ഷ കിട്ടിയ ശേഷമുള്ളത് | കുറിപ്പ് |
|---|---|---|---|---|
| **A.** | **ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സാക്ഷ്യപത്രങ്ങൾ** | | | |
| 1. | സ്വഭാവ സാക്ഷ്യപത്രം | 1. സ്വഭാവ സർട്ടിഫിക്കറ്റ് ഏതാവശ്യത്തിനാണെന്ന് വ്യക്തമാക്കുന്ന അപേക്ഷ അതാത് വാർഡ് മെമ്പർ ശുപാർസ ചെയ്തിരിക്കണം.<br>2. ആവശ്യമായ സ്വഭാവ സാക്ഷ്യപത്രത്തിന്റെ ഫോറം ഹാജാരാക്കുന്നത് അഭിലക്ഷിണീയമാണ്. | അപേക്ഷ പ്രസിഡന്റിന് ലഭിക്കുന്ന ദിവസം | |
| 2. | റേഷൻ കാർഡുകൾ സംബന്ധമായി പ്രസിഡന്റ് നൽകേണ്ട സാക്ഷ്യപത്രങ്ങൾ | അതാത് വാർഡ് മെമ്പർമാരുടെ പരിചയപ്പെടുത്തലും ശുപാർശയും അടങ്ങിയ കത്ത് സഹിതം പ്രസിഡന്റിനെ സമീപിക്കണം. | അപേക്ഷ പ്രസിഡന്റിന് ലഭിക്കുന്ന ദിവസം | |
| 3. | തിരിച്ചറിയൽ സാക്ഷ്യപത്രങ്ങൾ | അതാത് വാർഡ് മെമ്പർമാരുടെ ശുപാർശ അടങ്ങിയ കത്ത് സഹിതം പ്രസിഡന്റിനെ സമീപിക്കണം. | അപേക്ഷ പ്രസിഡന്റിന് ലഭിക്കുന്ന ദിവസം | |
| 4. | ഔദ്യോഗിക രേഖകളില്ലാത്ത വിവാഹം, വൈധവ്യം തുടങ്ങിയവയുടെ സാക്ഷ്യപത്രങ്ങൾ | അതാത് വാർഡ് മെമ്പർമാരുടെ ശുപാർശ അടങ്ങിയ കത്ത് സഹിതം പ്രസിഡന്റിനെ സമീപിക്കണം. | അപേക്ഷ പ്രസിഡന്റിന് ലഭിക്കുന്ന ദിവസം | |
| **B1.** | **ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രങ്ങൾ, അനുമതി പത്രങ്ങൾ, മറ്റ് ഔദ്യോഗിക രേഖകൾ** | | | |
| | ഉടമസ്ഥാവകാശ സാക്ഷ്യപത്രം | 1. 5 രൂപയുടെ കോടതി മുദ്ര പതിപ്പിച്ച അപേക്ഷ നൽകണം<br>2. ബന്ധപ്പെട്ട കെട്ടിത്തിന്റെ നികുതി അടച്ചിരിക്കണം. അപേക്ഷയിൽ സാക്ഷ്യപത്രത്തിന്റെ ആവശ്യം വ്യക്തമാക്കണം. | 1 പ്രവൃത്തി ദിവസം | |

| | | | | |
|---|---|---|---|---|
| 2 | താമസക്കാരനാണെന്ന സാക്ഷ്യപത്രം | 5 രൂപ കോടതി മുദ്ര പതിച്ചുള്ള അപേക്ഷ, അസസ്മെന്റ് രജിസ്റ്റർ പ്രകാരം അനുഭവക്കാരനായിരിക്കണം. അല്ലെങ്കിൽ കെട്ടിടം ഉടമയുടെ സമ്മതപത്രമോ വാടക ഉടമ്പടിയോഹാജരാക്കണം. | 5 പ്രവൃത്തി ദിവസം | |
| 3 | കെട്ടിട ഉടമസ്ഥാവകാശങ്ങൾ മാറ്റം വരുത്തൽ | 1. വെള്ളക്കടലാസിൽ 5 രൂപ കോടതി മുദ്ര പതിപ്പിച്ച കെട്ടിട ഉടമയും മുൻ ഉടമയും സംയുക്താമായി തയ്യാറാക്കിയ അപേക്ഷ (വസ്തു നികുതി ചട്ടങ്ങൾ 23,24)<br>2. സംയുക്ത അപേക്ഷ സാധ്യമല്ലാത്ത സംഗതികളിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് 30 ദിവസം സമയം സമയം നൽകി നോട്ടീസ് നൽകണം (ചട്ടം 23 എ 2)<br>3. ആധാരത്തിന്റെ പകർപ്പും അസ്സലും, കൈവശാവകാശ സർട്ടിഫിക്കറ്റ്, തനത് വർഷം അടച്ച ഭൂനികുതി ശീട്ടിന്റെ പകർപ്പ്<br>4. കോടതി വിധിയോ ലേല പ്രകാരമോ ഉള്ള വിൽപ്പനയിൽ ടി. ഉത്തരവുകളുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്) ചട്ടം 23 ബി)<br>5. കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയ പകർപ്പ് പിന്തുടർച്ച അവകാശം സംബന്ധിച്ച് ആവശ്യമായ രേഖകൾ (ചട്ടം 2) | 40 പ്രവൃത്തി ദിവസം | |
| 4 | കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിക്കൽ | **പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തെ സംബന്ധിച്ച്**<br>1. 5 രൂപ കോടതി മുദ്ര പതിച്ച അപേക്ഷ<br>2. ക്യുപെൻസി സർട്ടിഫിക്കന്റെ പകർപ്പ് (ബാധകമായ പുതിയ കെട്ടിടങ്ങൾക്ക് മാത്രം)<br>3. വസ്തു നികുതിചട്ടം ഫോറം 2ൽ ഉള്ള റിട്ടേൺ (ചട്ടം 11 (2)<br>**പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ച് (ചട്ടം 133)**<br>1. വെള്ളക്കടലാസിലുള്ള അപേക്ഷ (അനുബന്ധം 27)<br>2. നിശ്ചിത ഫോറവും അനുബന്ധരേഖകളും നൽകിയിട്ടില്ലെങ്കിൽ താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം. കെട്ടിടത്തിന്റെ വിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ്, കെട്ടിടത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റെഫ്സ്കച്ച് ആധാരത്തിന്റെ പകർപ്പ്, പെസഷൻ സർട്ടിഫിക്കറ്റ്, ഭൂനികുതു അടച്ച രസീതിന്റെ പകർപ്പ്.<br>3. വസ്തു നികുതിചട്ടം രിണ്ടലുള്ള റിട്ടേൺ (ചട്ടം 11(2) , ഒറ്റത്തവണ നികുതി രശീതി. | 20 പ്രവൃത്തി ദിവസം | |

| | | | | |
|---|---|---|---|---|
| 5 | കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള കുടിൽ നിർമ്മാണം | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനയ്ക്ക് ഹാജരാക്കണം)<br>3. സ്ഥലം ഉടമസ്ഥന്റെ പേരിൽ കരമടച്ച് രസീതിന്റെ പകർപ്പ്.<br>4. കൈവശ സർട്ടിഫിക്കറ്റ്<br>5. റഫ്സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന കുടിലിന്റെ അതിരുകളിൽ നിന്നുള്ള ദൂരം കാണിച്ചിരിക്കണം. | 1 ദിവസം | |
| 6 | കിണർ / കുഴൽ കിണർ | 1. അനുബന്ധം എ1 ലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2. ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ<br>3. സൈറ്റ് പ്ലാൻ<br>4. അപേക്ഷാ ഫീസ് 10 രൂപ പെർമിറ്റ് ഫീസ് 20 രൂപ<br>5. മതിയായ രേഖകൾ. | 7 ദിവസം | |
| 7 | കന്മതിൽ, വേലി മുതലായവ | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ<br>2. അപേക്ഷ ഫീസ് 10 രൂപ അടച്ചതിന്റെ രശീതി<br>3. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനയ്ക്ക് ഹാജരാക്കണം)<br>4. സ്ഥലം ഉടമസ്ഥന്റെ പേരിൽ കരമടച്ച് രസീതിന്റെ പകർപ്പ്.<br>5. കൈവശ സർട്ടിഫിക്കറ്റ്<br>6. സൈറ്റ് പ്ലാൻ | 15 ദിവസം | |
| 8 | പെർമിറ്റ് പുതുക്കൽ | 1. 5 രൂപ കോടതി മുദ്ര പതിച്ച അപേക്ഷ<br>2. ഒർജിനൽ പെർമിറ്റിന്റെ പകർപ്പ് | 58 ദിവസം | |
